ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി,
തിരുവനന്തപുരം

**TIME: 06.30 PM** **DATE: 03.11.2025**

## പ്രധാനവാർത്ത

1. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസിലാക്കി പ്രവർത്തിച്ചതാണ് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാക്ഷരതയിൽ കേരളം മുന്നിൽ നിൽക്കാൻ കാരണമെന്ന് ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ.

2. 2024-ലെ സംസ്ഥാന ചലച്ചിത്ര അവാർഡുകൾ പ്രഖ്യാപിച്ചു. മികച്ച നടനായി മമ്മൂട്ടിയും മികച്ച നടിയായി ഷംല ഹംസയും തിരഞ്ഞെടുക്കപ്പെട്ടു. മഞ്ഞുമ്മൽ ബോയ്സ് മികച്ച ചിത്രം.

3. ന്യൂന പക്ഷ വിഭാഗക്കാർക്കുള്ള അടിസ്ഥാനസൗകര്യ വികസനത്തിന് കേന്ദ്ര സർക്കാർ വലിയ പ്രാധാന്യം നൽകുന്നുണ്ടെന്ന് കേന്ദ്ര സഹ മന്ത്രി ജോർജ്ജ് കുര്യൻ.

RNU TVPM

4. **സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിന്റെ വോട്ടർപട്ടികയിൽ പേര് ചേർക്കാൻ രണ്ട് ദിവസം കൂടി അവസരമുണ്ടെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.**

5. **ഏകാരോഗ്യം പരിപാടിയുടെ ഭാഗമായി സാമൂഹ്യാധിഷ്ഠിത രോഗ നിരീക്ഷണത്തിന് തദ്ദേശ സ്ഥാപനങ്ങൾക്കുള്ള മാർഗരേഖ പുറത്തിറക്കിയതായി മന്ത്രി വീണാ ജോർജ്**

6. **നാലാമത് ആഗോള മറൈൻ സിമ്പോസിയം, മീകോസിന് നാളെ കൊച്ചിയിലെ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ തുടക്കമാകും.**

&&&&&&&&&&&&&&&&

RNU TVPM

## ഉപരാഷ്ട്രപതി (INTRO)

സമൂഹത്തിന്റെ ഉന്നമനത്തിനും സ്വഭാവരൂപീകരണത്തിനും വിദ്യാഭ്യാസം നിർണായക ഘടകമാണെന്ന് ഉപരാഷ്ട്രപതി സിപി രാധാകൃഷ്ണൻ. കൊല്ലത്ത് ഫാത്തിമ മാതാ നാ ണൽ കോളേജിന്റെ വജ്രജൂബിലി ആഘോ ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം മനസിലാക്കി പ്രവർത്തിച്ചതുകൊണ്ടാണ് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാക്ഷരതയിൽ കേരളം മുന്നിൽ

നിൽക്കുന്നതെന്നും ഉപരാഷ്ട്രപതി അഭിപ്രായപ്പെട്ടു . ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ തന്നോടൊപ്പം അണിചേരാനും ഉപരാഷ്ട്രപതി അധ്യാപകരോടും രക്ഷകർത്താക്കളോടും വിദ്യാർഥികളോടും ആഹ്വാനം ചെയ്തു.

(ഹോൾഡ് - ഉപരാഷ്ട്രപതി)

ഫെഡറേ ൻ ഓഫ് ഇന്ത്യൻ കയർ എക്സ്പോർട്ടേഴ്സ് അസോസിയേ ൻ അംഗങ്ങളുമായി കൊല്ലത്ത് ഉപരാഷ്ട്രപതി കൂടിക്കാഴ്ച നടത്തി. തുടർന്ന് അദ്ദേഹം തിരുവനന്തപുരത്തേക്ക് മടങ്ങി. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് രാവിലെയാണ് അദ്ദേഹം തിരുവനന്തപുരത്തെത്തിയത്.

RNUTVPM

&&&&&&&&&&&&&&&&

## ഉപരാഷ്ട്രപതി-തിരു.

-

ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ നാളെ ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി സന്ദർശിക്കും. ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോട് തിരുവനന്തപുരം നഗരത്തിൽ നാളെയും ഗതാഗത നിയന്ത്രണമുണ്ടാകും. സുരക്ഷാ നടപടികളും ശക്തമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&

## സംസ്ഥാന ചലച്ചിത്ര അവാർഡുകൾ ഇൻട്രോ

2024-ലെ സംസ്ഥാന ചലച്ചിത്ര അവാർഡുകൾ പ്രഖ്യാപിച്ചു. മികച്ച നടനായി മമ്മൂട്ടി തിരഞ്ഞെടുക്കപ്പെട്ടു. ഭ്രമയുഗത്തിലെ പ്രകടനത്തിനാണ് പുരസ്കാരം. ഇത് എട്ടാം തവണയാണ് മമ്മൂട്ടിക്ക് മികച്ച നടനുള്ള പുരസ്കാരം ലഭിക്കുന്നത്. മികച്ച നടിയായി ഫെമിനിച്ചി ഫാത്തിമയിലെ അഭിനയത്തിന് □ംല ഹംസ തിരഞ്ഞെടുക്കപ്പെട്ടു. മികച്ച നടിക്കുള്ള പ്രത്യേക പരാമർശം ദർശന രാജേന്ദ്രനും ജ്യോതിർമയിയും നേടി. മികച്ച നടനുള്ള പ്രത്യേക പരാർശത്തിന് ടൊവീനോ തോമസും ആസിഫ് അലിയും അർഹരായി. മികച്ച കലാമൂല്യമുള്ള ചിത്രത്തിനുള്ള പുരസ്കാരം ‘പ്രേമലു വിനാണ്. മികച്ച നവാഗത സംവിധായകനുള്ള പുരസ്കാരം ഫെമിനിച്ചി ഫാത്തിമ സംവിധാനം ചെയ്ത ഫാസിൽ മുഹമ്മദ് കരസ്ഥമാക്കി. തൃശൂരിൽ മന്ത്രി സജി ചെറിയാനാണ് പുരസ്കാര പ്രഖ്യാപനം നടത്തിയത്.

(സജി ചെറിയാൻ വോയിസ്).......

200 കോടി ക്ലബ്ബിൽ കയറി മുന്നേറിയ മഞ്ഞുമ്മൽ ബോയ്സ് സംസ്ഥാന പുരസ്കാര നേട്ടത്തിലും ഗംഭീര പ്രകടനം കാഴ്ച വച്ചു. മികച്ച ചിത്രം, സംവിധായകൻ, സ്വഭാവനടൻ, ഛായാഗ്രാഹകൻ, തിരക്കഥ, കലാസംവിധാനം,

ഗാനരചയിതാവ്, ശബ്ദമിശ്രണം, ശബ്ദരൂപകൽപന, കളറിസ്റ്റ് എന്നിങ്ങനെ 10 പുരസ്കാരങ്ങളാണ് ചിത്രം നേടിയത്. മികച്ച സ്വഭാവ നടനായി സൗബിൻ  ാഹിറും, സിദ്ധാർത്ഥ് ഭരതനും സ്വഭാവ നടിയായി ലിജോമോളും തിരഞ്ഞെടുക്കപ്പെട്ടു. ഹരിശങ്കർ ആണ് മികച്ച ഗായകൻ. മികച്ച ഗായിക സെബ ടോമി. വേടനാണ് മികച്ച ഗാനരചയിതാവ്. സയനോരയും ഭാസി വൈക്കവും മികച്ച ഡബിങ് ആർട്ടിസ്റ്റുകൾക്കുള്ള പുരസ്കാരം നേടി. മികച്ച ചലച്ചിത്ര ഗ്രന്ഥമായി സി എസ് മീനാക്ഷിയുടെ പെൺപാട്ട് താരകൾ മലയാള സിനിമ പാട്ടുകളുടെ പെണ്ണാവിഷ്കാരങ്ങൾ തെരഞ്ഞെടുക്കപ്പെട്ടു.

&&&&&&&&&&&&&&&&

## മന്ത്രി ജോർജ്ജ് കുര്യൻ

ന്യൂന പക്ഷ വിഭാഗത്തിൽപ്പെട്ടവർ താമസിക്കുന്ന പ്രദേശങ്ങളിലെ അടിസ്ഥാനസൗകര്യ വികസനത്തിന് കേന്ദ്ര സർക്കാർ വലിയ പ്രാധാന്യം നൽകുന്നുണ്ടെന്ന് കേന്ദ്ര സഹ മന്ത്രി ജോർജ്ജ് കുര്യൻ. ഇതിനായി കേന്ദ്ര സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. ഇടുക്കിയിലെ ഇളംദേശം ബ്ളോക്ക് പഞ്ചായത്തിൽ നിർമ്മിച്ച സദ്ഭാവനാ മണ്ഡപത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതി പ്രകാരം

RKUTVPM

ഒരു കോടി 40 ലക്ഷം രൂപ വിനിയോഗിച്ചാണ് സദ്ഭാവനാ മണ്ഡപം നിർമ്മിച്ചിരിക്കുന്നത്.

&&&&&&&&&&&&&&&&

## വോട്ടർപട്ടിക പേരുചേർക്കൽ

മട്ടന്നൂർ ഒഴികെ സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിന്റെ വോട്ടർപട്ടികയിൽ പേര് ചേർക്കാൻ നാളെയും മറ്റെന്നാളും അവസരമുണ്ടെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു. 2025 ഒക്ടോബർ 25 ന് പ്രസിദ്ധീകരിച്ച അന്തിമവോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായവർക്ക് പട്ടികയിൽ പേര് ചേർക്കുന്നതിന് അവസരമുണ്ട്. പ്രവാസികൾക്കും പട്ടികയിൽ പേര് ചേർക്കാൻ അപേക്ഷിക്കാവുന്നതാണ്. പുതുതായി പേരു ചേർക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനും തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ് സൈറ്റിൽ ഓൺലൈനായി അപേക്ഷിക്കണം.

RNUTVPM

&&&&&&&&&&&&&&&&

## തീവ്രവോട്ടർ പട്ടിക

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ

പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി BLO മാർ വീടുകൾ സന്ദർശിച്ച് എന്യൂമറേ□ ൻ ഫോം നാളെ മുതൽ വിതരണം ചെയ്യും. അടുത്ത മാസം 4 ന് മുൻപ് പൂരിപ്പിച്ച ഫോമുകൾ തിരികെ നൽകണം. ഡിസംബർ 9 ന് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും. കരട് പട്ടിക സംബന്ധിച്ച പരാതികൾ 2026 ജനുവരി 8 ന് മുൻപ് സമർപ്പിക്കണം. അന്തിമ വോട്ടർ പട്ടിക ഫെബ്രുവരി 7 ന് പ്രസിദ്ധീകരിക്കും. നടപടിക്രമങ്ങളുമായി പൊതുജനങ്ങൾ സഹകരിക്കണമെന്ന് വയനാട് ജില്ലാ കളക്ടർ ഡി.ആർ മേഘശ്രീ പറഞ്ഞു.

(വോയിസ് - വയനാട് ജില്ലാ കളക്ടർ)

RNU TVPM

&&&&&&&&&&&&&&&&

## അബ്ദുറഹിമാൻ-അർജന്റീന

അർജന്റീന ഫുട്ബോൾ ടീം മാർച്ച് മാസത്തിൽ കേരളത്തിൽ എത്തുമെന്ന് കായിക മന്ത്രി വി. അബ്ദുറഹിമാൻ. വി□ ൻ 2031 ന്റെ ഭാഗമായി കായികവകുപ്പ് നടത്തിയ ' നവകായിക കേരളം മികവിന്റെ പുതു ട്രാക്കിൽ ' എന്ന സംസ്ഥാനതല സെമിനാർ മലപ്പുറത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ടീമിന്റെ വരവ് സംബന്ധിച്ച് കഴിഞ്ഞ ദിവസം ഇ-മെയിൽ ലഭിച്ചിട്ടുണ്ട്. ഫിഫ അംഗീകൃത സ്റ്റേഡിയത്തിന്റെ

അഭാവമാണ് നവംബറിൽ അർജന്റീന ടീം കേരളത്തിൽ എത്താതിരിക്കാൻ കാരണമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## മന്ത്രി വീണാ ജോർജ്

വർക്കലക്കടുത്തു വച്ച് ട്രെയിനിൽ നിന്നും തള്ളിയിട്ടതിനെ തുടർന്ന് ഗുരുതരമായി പരിക്കേറ്റ പെൺകുട്ടിയ്ക്ക് മെഡിക്കൽ ബോർഡ് രൂപീകരിച്ച് വിദഗ്ധ ചികിത്സ ഉറപ്പാക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ഇതു സംബന്ധിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജ് സൂപ്രണ്ടിന് മന്ത്രി നിർദേശം നൽകി . മദ്യലഹരിയിൽ കേരള എക്സ്പ്രസ് ട്രെയിനിൽ കയറിയ ആളാണ് യുവതിയെ ആക്രമിച്ചത്. പ്രതിയെ പിന്നീട് കൊച്ചുവേളിയിൽ വച്ച് റെയിൽവേ പോലീസ് അറസ്റ്റ് ചെയ്തു.

RNU TVPM

&&&&&&&&&&&&&&&&&&

## ആഗോള മറൈൻ സിമ്പോസിയം

നാലാമത് ആഗോള മറൈൻ സിമ്പോസിയം, മീകോസിന് നാളെ കൊച്ചിയിലെ കേന്ദ്ര സമുദ്ര മത്സ്യ ഗവേ ണ സ്ഥാപനത്തിൽ തുടക്കമാകും. സമുദ്ര ആവാസവ്യവസ്ഥ, മത്സ്യബന്ധനം, അകാാകൾച്ചർ എന്നീ രംഗങ്ങളിൽ നേരിടുന്ന വെല്ലുവിളികൾ ചർച്ചയാകും. ഐ.എസ്.ആർ.ഓ

മുൻ ചെയർമാൻ എസ് സോമനാഥ് സിമ്പോസിയം ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

&&&&&&&&&&&&&&&&

## ഏകാരോഗ്യം

ഏകാരോഗ്യം പരിപാടിയുടെ ഭാഗമായി സാമൂഹ്യാധിഷ്ഠിത രോഗ നിരീക്ഷണത്തിന് തദ്ദേശ സ്ഥാപനങ്ങൾക്കുള്ള വിശദമായ മാർഗരേഖ പുറത്തിറക്കിയതായി മന്ത്രി വീണാ ജോർജ്. ആദ്യഘട്ടത്തിൽ പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോട്ടയം എന്നീ നാല് ജില്ലകളിൽ നടപ്പിലാക്കിയ ഏകാരോഗ്യം പരിപാടി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതായും മന്ത്രി വ്യക്തമാക്കി. മനുഷ്യരും സസ്യ, ജന്തുജാലങ്ങളും അവയുൾപ്പെടുന്ന പരിസ്ഥിതിയെയും ബാധിക്കുന്ന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിനുള്ള പരിപാടിയാണ് ഏകാരോഗ്യം .

RNU TVPM

&&&&&&&&&&&&&&&&

## കേന്ദ്രീയ വിദ്യാലയം-പി.എം ശ്രീ സ്കൂൾ (ഇൻട്രോ)

ഇടുക്കി തൊടുപുഴയിലെ കേന്ദ്രീയ വിദ്യാലയം പ്രവർത്തനം തുടങ്ങി. പി.എം ശ്രീ സ്കൂൾ എന്ന വിശേ□ ണത്തോടെ കേന്ദ്ര സർക്കാർ ഈ വർ□ ം തുടങ്ങുന്ന 85 വിദ്യാലയങ്ങളിൽ കേരളത്തിന് അനുവദിച്ച ഏക കേന്ദ്രീയ വിദ്യാലയമാണ് തൊടുപുഴയിലേത്. സ്കൂളിൻ്റെ പ്രവർത്തനോദ്ഘാടനം ഡീൻ കുര്യാക്കോസ് എം.പി നിർവ്വഹിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ........**

**(വോയിസ്)**

RNU TVPM

&&&&&&&&&&&&&&&&

## കിഫ്ബി-രജത ജൂബിലി

കിഫ്ബിയുടെ രജത ജൂബിലി ആഘോ□ ം നാളെ വൈകിട്ട് 6 ന് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കിഫ്ബി സ്മരണികയും മലയാളം മാസികയും ബോട്ട് സോഫ്റ്റ് വെയറും മുഖ്യമന്ത്രി പ്രകാശനം ചെയ്യും. മികച്ച പ്രവർത്തനം കാഴ്ചവച്ച പദ്ധതി നിർവഹണ ഏജൻസികൾ, കരാറുകാർ, മത്സര വിജയികൾ തുടങ്ങിയവർക്കുള്ള പുരസ്കാരങ്ങളും വിതരണം ചെയ്യും.

&&&&&&&&&&&&&&&&

## ഓഹരി/സ്വർണം

രാജ്യത്തെ ഓഹരി വിപണികൾ നേട്ടത്തോടെ വ്യാപാരം അവസാനിപ്പിച്ചു. ബോംബെ ഓഹരി സൂചിക സെൻസെക്സ് 39 പോയിന്റ് ഉയർന്ന് 83,978 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 41 പോയിന്റ് വർധിച്ച് 25,763 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവില കൂടി. പവന് 120 രൂപ വർധിച്ച് തൊണ്ണൂറായിരത്തി 320 രൂപയും ഗ്രാമിന് 11,290 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

RNU TVPM